**കേരള സർക്കാർ**

**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്**

**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 14**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി

## ഒന്നര ലക്ഷം പേർക്ക് വീടൊരുക്കും: മന്ത്രി എ.സി. മൊയ്തീൻ

ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഈ വർഷം ഒന്നര ലക്ഷത്തോളം പേർക്ക് വീടൊരുക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകൾ നിർമ്മിച്ച് നൽകുന്നതിന്റെ ഭാഗമായി പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ വടക്കാഞ്ചേരി പുല്ലാനിക്കാട് ചെമ്പകത്തേതിൽ അയിഷക്ക് നിർമ്മിച്ചുനൽകിയ വീടിന്റെ താക്കോൽദാനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭവനരഹിതരില്ലാത്ത കേരളം സൃഷ്ടിക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം.

കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്താകെ നിർമ്മിച്ചുനൽകുന്ന 2000 വീടുകളുടെ നിർമ്മാണം ഓഗസ്റ്റ് മാസത്തിൽ പൂർത്തിയാക്കും. ജില്ലയിൽ നിർമ്മിച്ചുനൽകുന്ന 500 വീടുകളുടെ നിർമ്മാണവും ഓഗസ്റ്റിൽ പൂർത്തിയാകും. പ്രളയാനന്തര പുനരധിവാസത്തിന്റെ ഭാഗമായി വലിയ ലക്ഷ്യമാണ് സഹകരണ മേഖല ഏറ്റെടുത്തത്. ഇത് ഏറ്റവും വേഗത്തിലും കാര്യക്ഷമമായും നിർവഹിക്കാൻ കഴിയുന്നത് മാതൃകാപരമാണ്. ജാതി മത വ്യത്യാസമില്ലാതെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണമാണ് പ്രളയാനന്തര അതിജീവനത്തിന്റെ ചാലകശക്തി. ഈ ഐക്യം നിലനിർത്തേണ്ടത് അനിവാര്യമാണ്. നിലവിൽ ഏറ്റെടുത്ത വീട് നിർമ്മാണത്തിന് പുറമേ 2000 വീടുകൾ കൂടി നിർമ്മിക്കാൻ സഹകരണ മേഖല തയാറായിരിക്കുകയാണ്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയെന്നും അർഹരായ ഒരാൾക്കും ആനുകൂല്യങ്ങൾ നിഷേധിക്കില്ലെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എം.ആർ. ഷാജൻ അധ്യക്ഷനായി. വടക്കാഞ്ചേരി നഗരസഭ ചെയർപേഴ്സൻ ശിവപ്രിയ സന്തോഷ് മുഖ്യാതിഥിയായി. വടക്കാഞ്ചേരി നഗരസഭ വൈസ് ചെയർമാൻ എം.ആർ. അനൂപ് കിഷോർ, ബാങ്ക് വൈസ് പ്രസിഡന്റ് കെ.ആർ. ഉദയൻ, മുൻപഞ്ചായത്ത് പ്രസിഡന്റ് പി.എൻ. സുരേന്ദ്രൻ, വടക്കാഞ്ചേരി നഗരസഭ കൗൺസിലർമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# യു എ ഇ സഹായത്തോടെ വടക്കാഞ്ചേരിയിൽ 100 വീടുകൾ നിർമ്മിക്കും: മന്ത്രി എ.സി. മൊയ്തീൻ

യു എ ഇ റെഡ്ക്രോസ് സംഘടനയുടെ സഹായത്തോടെ വടക്കാഞ്ചേരി നഗരസഭപ്രദേശത്ത് ഭൂരഹിതർക്കും ഭവനരഹിതർക്കുമായി 100വീടുകൾ നിർമ്മിച്ച് നൽകുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി വടക്കാഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് നിർമ്മിച്ചു നൽകിയ ര് വീടുകളുടെ താക്കോൽദാനം ഒന്നാം കല്ല് ഒലിവ് ഇന്റർനാഷ്ണൽ സ്കൂളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ 14 ജില്ലകളിലും വീടും ഭൂമിയും ഇല്ലാത്തവർക്ക് അവ ലഭ്യമാക്കലാണ് സർക്കാർ ലക്ഷ്യം. എല്ലാവർക്കും വീട് എന്ന ലക്ഷ്യം ഒരു റേഷൻ കാർഡ് ഒരു യൂണിറ്റ് എന്ന നിലയിൽ കണക്കാക്കിയാണ് കൈവരിക്കുക. ഇതിന് എല്ലാ വിഭാഗം ആളുകളുടെയും സഹകരണം ആവശ്യമാണ്. സമാനതകളില്ലാത്ത പ്രളയത്തിനാണ് കഴിഞ്ഞ വർഷം കേരളം സാക്ഷ്യംവഹിച്ചത്. 40000 കോടിരൂപയാണ് പ്രളയാനന്തര പുനർനിർമ്മാണത്തിന് ആവശ്യം.

ഈ തുക സർക്കാർ വിവിധ എജൻസികളുടേയും വ്യക്തികളുടേയും സംഘടനകളുടേയും മറ്റും സഹായത്തോടെ കണ്ടെത്താനുള്ള ശ്രമത്തിലാണ്. പ്രളയാനന്തര അടിയന്തിര ധനസഹായമായി 684 കോടി രൂപയാണ് സർക്കാർ നൽകിയത്. വീട് പുനർനിർമ്മാണത്തിനും മറ്റുമുള്ള തുകകളും ഘട്ടം ഘട്ടമായി നൽകികൊിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുൾപ്പെടെ മുഴുവൻ തുകയും സുതാര്യമായാണ് സർക്കാർ ചെലവിടുത്. ഇക്കാര്യത്തിൽ അനാവശ്യവിവാദങ്ങൾ ഉയർത്തുന്നത് നാടിന്റെ പുരോഗതിക്ക് നല്ലതല്ല. പ്രളയസമയത്ത് ഉയർത്തിപ്പിടിച്ച ഐക്യം സമൂഹം കൈവെടിയരുത്. അർഹരായ എല്ലാവർക്കും സഹായങ്ങൾ നൽകുകയും അനർഹരെ ഒഴിവാക്കുകയുമാണ് സർക്കാർ നയമെന്നും മന്ത്രി പറഞ്ഞു. കുമരനെല്ലൂർ ചെറുവത്തൂർ നെൽസ, ചുള്ളിക്കാട് കരുവാൻ വീട്ടിൽ ശാന്ത എിവരുടെ വീടിന്റെ താക്കോൽദാനം മന്ത്രി നിർവഹിച്ചു.

വടക്കാഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എൻ.ടി. ബേബി അധ്യക്ഷനായി. വടക്കാഞ്ചേരി നഗരസഭ ചെയർപേഴ്സൻ ശിവപ്രിയ സന്തോഷ് മുഖ്യാതിഥിയായി. വടക്കാഞ്ചേരി നഗരസഭ വൈസ്ചെയർമാൻ അനൂപ് കിഷോർ , കൗൺസിലർമാരായ എം.ആർ. സോമനാരായണൻ, എ.എച്ച്, അബ്ദുൾസലാം, ലിസി പ്രസാദ്, ഷജിനി രാജൻ, പ്രസീത സുകുമാരാൻ, സിഡിഎസ് ചെയർപേഴ്സൻ മിനി അരവിന്ദാക്ഷൻ, പി.എൻ സുരേന്ദ്രൻ, കെ.പി. മദനൻ തുടങ്ങിയവർ പങ്കെടുത്തു.